ഒച്ചവയ്ക്കുന്ന മുൻ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. നേതാക്കന്മാരുടെ അറിവിലേക്ക് യൂത്ത് കോൺഗ്രസ്സ് നേതാക്കന്മാരെ ഇവരുടെ മുന്നിൽ വേട്ടയാടിയ കാര്യം ഞാൻ ഈ സഭയുടെ.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബന്ധപ്പെട്ട ആളുകൾ നടപടിയെടുക്കും.

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിലെ അംഗമാണ്.

റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: നടപടിയെടുക്കാനുള്ള ഏർപ്പാട് ചെയ്യാം..... ..(ബഹളം) ..... യെസ്.....നോ.....പ്ലീസ്....ശരിയല്ല....അത് ..... അതിന് നടപടി വേറെ എടുക്കാം.....വേറെ നടപടി എടുക്കാം.....ശ്രീ. സൈമൺ ബ്രിട്ടോ അങ്ങേയ്ക്ക് സംസാരിക്കാം.....(ബഹളം) ..... പ്ലീസ്... അടിയൊക്കെ നമ്മളൊക്കെ കൊണ്ടിട്ടുള്ളതല്ലേ പുതിയൊരു കാര്യമല്ല. യെസ്. അതിന് നടപടിയുണ്ടാകും..... നടപടിയെടുക്കാൻ ആവശ്യപ്പെടാം.....അത് പറയാം. യെസ്..... ബഹുമാനപ്പെട്ട സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് അങ്ങ് സഹകരിക്കുക. പ്ലീസ്, പ്ലീസ്... സഹകരിക്കുക. അല്ല, നടപടിയുണ്ടാകും, അതുവേറെ നടപടി.....ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് അങ്ങ് സംസാരിക്കുക.

ധനകാര്യം (തുടർച്ച)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഞാൻ ഈ ഫൈനൽ സപ്ലിമെന്ററി ഡിമാന്റുകളെ മനസ്സും ഹൃദയവുംകൊണ്ട് പിന്തുണയ്ക്കുകയാണ്. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തുതന്ന നിരവധി കാര്യങ്ങൾക്ക് ഞാൻ ഈ അവസരത്തിൽ നന്ദി പറയുന്നതിനോടൊപ്പംതന്നെ ആംഗ്ലോ ഇന്ത്യൻ കൾച്ചറൽ സെന്ററിന് അനുവദിച്ച 10 ലക്ഷം രൂപ ഞാൻ ഈ ഘട്ടത്തിൽ അങ്ങയെ ഓർമ്മപ്പെടുത്തുകയാണ്. ഈ ഗവൺമെന്റിന്റെ കൺസപ്റ്റ് ഡബ്ല്യൂ.ഇ.ഡി. എന്നത് ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണ്. (വുമൺ എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ്) ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 17.5 കോടി രൂപ മൂത്രപ്പുരയ്ക്ക് അനുവദിച്ചതിനെ പലരും ആക്ഷേപിക്കുകയുണ്ടായി. പക്ഷേ നമ്മൾ ഒന്നോർക്കേണ്ടത്, മനുഷ്യന്റെ ഏറ്റവും പ്രാഥമിക ആവശ്യമാണത്, അതൊരിക്കലും തടയാൻ കഴിയില്ല. അത് തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ രോഗം പിടിപെടുന്നതാണ്. ഇത്തരം ഏറ്റവും പ്രൈമറിയായ ഒരു കാര്യത്തിന് ഇത്രയധികം തുക അനുവദിച്ചത് എന്നാണ്. ഹയർ സെക്കന്ററി സ്ക്കൂളിന്, ബോട്ട് ജെട്ടിയിൽ, ബസ്സ്റ്റാന്റിൽ, പൊതുകെട്ടിടങ്ങളിൽ, കമ്പോളങ്ങളിൽ എല്ലാമുള്ള ഇതിന്റെ പ്രാധാന്യം ഒരു പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ സഹോദരങ്ങൾക്ക് അറിയില്ലായിരിക്കാം. കാരണം അവരുടെ കൂട്ടത്തിൽ സ്ത്രീകളില്ല. വിശേഷിച്ച് ഇത്തരം ആവശ്യങ്ങൾ കൊണ്ട് പൊതുസ്ഥലങ്ങളിൽ ബുദ്ധിമുട്ടുന്നത് സ്ത്രീകളാണ്. സ്ത്രീശാക്തീകരണത്തിന്റെ ഈ നാട്ടിൽ, സ്ത്രീകൾക്ക് 50 ശതമാനം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ ഇടവരുത്തിക്കൊടുത്ത ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly